ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

കേരള സർക്കാർ

നമ്പർ: LSGD/PD/43532/2024-GEA3 തീയതി: 09-05-2025

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം - മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ.സിജിത്ത്.കെ.പി-യെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 01.03.2024 തീയതിയിലെ LSGD/JD/MPM/5347/2023-A3 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 18.10.2011-ലെ ഇ6.20944/2010 നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം-ൻറെ 01.12.2011-ലെ ഡി3.2546/2011 നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 10.07.2017-ലെ ഇ6-44444/16 നമ്പർ ഉത്തരവ്.

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സിജിത്ത്.കെ.പി ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാളെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സൂചന (2), (3) ഉത്തരവുകൾ പ്രകാരം 04.01.2012 തീയതിയാണ് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി ശ്രീ.സിജിത്ത്.കെ.പി പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചത്. ഈ സാഹചര്യത്തിൽ ശ്രീ.സിജിത്ത്.കെ.പി-യെ 04.01.2012 തീയതി അടിസ്ഥാനമാക്കി 01.01.2012 മുതൽ 31.12.2013 വരെ മുൻ പഞ്ചായത്ത് വകുപ്പിൽ നിയമന ശുപാർശ ലഭിച്ച് സേവനത്തിൽ പ്രവേശിച്ച ക്ലർക്കുമാരുടെ സൂചന (4) സീനിയോറിറ്റി പട്ടികയിൽ ക്രമനം.15 ശ്രീമതി.ആതിര ശശിയ്ക്കും ക്രമനം.16 ശ്രീ.അമൽ.കെ.എസ്സിനും ഇടയിൽ ക്രമനം.15 എ ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ തങ്ങളുടെ ആക്ഷേപം രേഖാമൂലം ഉചിത മാർഗ്ഗേണ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ലഭ്യമാകാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ താത്കാലികതീരുമാനം അന്തിമമാക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.സിജിത്ത്.കെ.പി, ക്ലർക്ക്, താനാളൂർ ഗ്രാമ പഞ്ചായത്ത്

(മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)

3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE-സെക്ഷൻ
4. കരുതൽ/അധികം